## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2343 — 11.10.2011 ൽ മറുപടിയ്ക്ക്

### സർക്കാർ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സർക്കാർ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശ്യ-മുണ്ടോ;<br>(ബി) എയ്ഡഡ് സ്ക്കൂളുകൾ പുതു-തായി അനുവദിക്കുമോ;<br>(സി) അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമോ; | (എ), (ബി) & (സി) പുതിയ സ്ക്കൂളുകൾ അനുവദിക്കുന്നതിനും നില വിലുള്ളവ ഉയർത്തുന്നതിനും അനംഗീകൃത സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതും സംബന്ധിച്ച നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (ഡി) സിബി.എസ്.സി., ഐ.സി. എസ്.സി സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം ജി.ഒ. (എം.എസ്) 202/2011/പൊ.വി. തീയതി 07.10.2011 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കേണ്ട സ്ക്കൂളുകൾ 01.011.2011 - ന് മുമ്പായി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ഇ) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ ഹയർ സെക്കന്ററി സ്ക്കൂളുകളിലും ഒന്നിലേറെ ബാച്ചുകൾ പുതുതായി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | (ഇ) 2011-12 അദ്ധ്യയന വർഷത്തിലേക്കായി വള്ളിക്കുന്ന് മണ്ഡലത്തിൽ വിവിധ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ 4 ഉം എയ്ഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ 4 ഉം എന്നിങ്ങനെ ആകെ 8 ബാച്ചുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ